മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി.— മിസ്റ്റർ പ്രസിഡണ്ടു് സർ, ഉദ്ദേശം ഫന്റാറോ ഏക്കർ കോൾനിലങ്ങളുള്ള ഒരു നിയോജകമണ്ഡലത്തിലെ പ്രതിനിധിയെന്നനിലയിൽ ഈ വിഷയത്തെപ്പറ്റി രണ്ടു വാക്കു സംസാരിക്കാതിരുന്നാൽ എന്റെ ചുമതല നിർവ്വഹിച്ചതായി വിചാരിക്കാൻ പാടില്ല. ഈ നിയമസഭ ഇവിടെ സ്ഥാപിച്ചതിനു ശേഷം പലേ തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചു്. പലവിധത്തിലുള്ള ആലോചനകൾ ചെയ്തിരിക്കുന്നതല്ലാതെ പ്രായോഗികമായ യാതൊരു പദ്ധതിയും ഗവൺമെൻറു രൂപീകരിച്ചു കാണുന്നില്ല. അടുത്തകാലത്തു് രൂപീകരിക്കുമെന്നു വിശ്വസിക്കുവാൻ വഴിയും കാണുന്നില്ല. കോളിനു് ആവശ്യമുള്ള കാലത്തു് വെള്ളം കിട്ടാതെ കൃഷി നാശമായി പോകുന്നു എന്നു ഗവൺമെൻറു സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട എഡ്യൂക്കേഷൻ മെമ്പർ പറഞ്ഞതുപോലെ തത്വത്തിൽ ഗവൺമെൻറും അനുദ്യോഗസ്ഥ മെമ്പർമാരും യോജിക്കുന്നുണ്ടു്. പക്ഷെ പ്രവർത്തിരൂപത്തിൽ വരുമ്പോൾ സാമ്പത്തികാധിപതനം മൂലമുള്ള പണമില്ലാവാദം കൊണ്ടുവന്നു അതിനെ എതിർക്കുകയാണു് ചെയ്യുന്നതു്. കഴിഞ്ഞ ബഡ്ജറു പ്രസംഗത്തിൽ, ഞാൻ ഈ വിഷയത്തെപ്പറ്റി വളരെ ഗാഢമായി ആലോചിക്കേണ്ടതാണെന്നു ഗവൺമെൻറിനെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതിനു മറുപടിയായി ചാലക്കുടി സ്കീം ഏറ്റെടുത്തു പ്രവൃത്തിക്കേണ്ട ആവശ്യകതയെപ്പറ്റി പറഞ്ഞു. അതിനു പ്രതിബന്ധമായി നില്ക്കുന്നതു് തിരുവിതാംകൂർ ഗവൺമെൻറുമായി ആലോചനകൾ നടത്തേണ്ടിയിരിക്കുന്നു എന്നുള്ളതാണു്. അതു് നടത്തിക്കൊണ്ടിരിക്കുകയാണെന്നും അടുത്ത കൊല്ലത്തിൽ മറുപടി പറയാൻ സാധിക്കുമെന്നും പറയുകയുണ്ടായി. പക്ഷെ അതിനുശേഷം ഒരു കൊല്ലം കഴിഞ്ഞിട്ടും ഇതേവരെ യാതൊരു മറുപടിയും പറഞ്ഞിട്ടില്ല. ഇതിനെ സംബന്ധിച്ചു തിരുവിതാംകൂർ ഗവൺമെൻറുമായി ആലോചിച്ചോ എന്നും ആലോചിച്ചുണ്ടെങ്കിൽതന്നെ എന്താണു് മറുപടി നൽകിയിരിക്കുന്നതെന്നും ഞങ്ങൾക്കു ഗ്രഹിക്കുവാൻ സാധിച്ചിട്ടില്ല. മറ്റു ഗവൺമെൻറുമായി പലേ സംഗതികളും ആലോചിക്കേണ്ടതുള്ളതുകൊണ്ടു കാലതാമസം വന്നതാണെങ്കിൽ, അടുത്ത വൃശ്ചികത്തിൽ കൗൺസിൽ കൂടുന്നതിനു മുമ്പു് ശരിയായി ആലോചിച്ചു സാധ്യമാകുമോ ഇല്ലയോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

ന്ന ഖണ്ഡിതമായ മറുപടി നൽകേണ്ടതാണു്. അതിന്ന മുമ്പായോ ധവും കൃത്യബോധവും ഗവമ്മെൻറിന്നുണ്ടെന്ന ഞാൻ വിശ്വസിക്കുന്നു. ചാലക്കുടി സ്കീം ഒഴിച്ചു ഒന്നോ രണ്ടോ സ്കീം ആണ് അതിന്ന പ്രായോഗികമായിട്ടുള്ളതു്. കുറെ കൊല്ലങ്ങൾക്കു മുമ്പു് കോൾ കൃഷി ചെയ്യുന്ന കാലത്തു് കുറെ ഭൂമി തരിശാക്കിയിട്ടു് ബാക്കി മാത്രമാണു് പണി നടത്തി വന്നിരുന്നതു്. അക്കാലത്തു് ജലക്ഷാമത്തിന്ന കാരണമുണ്ടായിരുന്നില്ല. ഈ കാര്യം ആലോചിച്ചു നോക്കുന്നതായാൽ കോളിൽ ഇപ്പോൾ അധികം കൃഷിചെയ്യുന്നതിന്ന കുറെ സ്ഥലം തരിശായിടത്തക്ക ഒരു പദ്ധതി രൂപീകരിക്കുകയോ, അല്ലെങ്കിൽ കോൾകൃഷിക്കു ജലം വേറെ കിട്ടത്തക്കവണ്ണം വേറെ ഏതെങ്കിലും വിധത്തിൽ ഒരു സ്കീം ഏർപ്പെടുത്തുകയോ ചെയ്യണം. ഈ വിഷയത്തെക്കുറിച്ചു ഗവർമ്മെൻറു വളരെ ഗാഢമായി ആലോചിച്ചു് വൃശ്ചികം സെഷനിൽ മറുപടി നൽകുമെന്ന ഞാൻ വിശ്വസിക്കുന്നു.

Mr. V. K. Aravindaksha Menon.— Sir, the question of kole cultivation has been before this Government for many years now, and to my certain knowledge, 12 years. But if you look at the question of the failure of cultivation of the kole lands for the past 7 years from 1104 onwards, you will see that there was drought and partial failure only in one year and that was in 1110. In this year I am informed by my colleague the Diwan Peishkar that the crops were exceptionally good. The only reliable scheme to improve matters is the diversion of the Chalakkudy river. That has been accepted on all hands, and, as I repeatedly said in this Council we have been in correspondence with the Travancore Government. We have now made definite headway in regard to that scheme. The first preliminary to be done is the gauging of the Chalakudi river from the months of November to June. For that purpose it is necessary to construct a gauging weir at Atharappilli where the river forms the interstatel boundary. That work has been entrusted to the Travancore Government and they have now written to say that the work has been completed. The construction of gauging weir is completed and an automatic water level recorder has also been installed. From next November onwards we have made arrangements for officers of both the Governments to do the guaging and calculate the flow of the river. After that is done we shall know to what portion of the flow we shall be entitled to and we can start the actual construction work only after this apportionment is settled. Till then by judicious manipulation of the sluices at Karanchira and Enamakkel, I am fairly sure to carry on the cultivation without much difficulty.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.—സർ, ഗവർമ്മെൻറിന്റെ ശ്രദ്ധ ഇതിൽ നല്ലവണ്ണം പതിഞ്ഞിട്ടുണ്ടെന്നു മനസ്സിലായി. പക്ഷെ ഈ കാര്യത്തിൽ മറെറാരു ഗവമ്മെൻറിനെക്കൂടി ആശ്രയിക്കേണ്ടതായി വന്നതുകൊണ്ടാണു് ഈ താമസം നേരിട്ടതെന്നു വെളിപ്പെടുന്നു. എങ്കിലും ഇനി കാലതാമസം നേരിടുന്നതായാൽ ഇതിനൊരു തൽക്കാല പരിഹാരമായിട്ടു ഞാൻ ഒരഭിപ്രായം പറഞ്ഞേക്കാം. അതായതു് എൻജിൻവച്ചു് വെള്ളം വറിച്ചിട്ടാണു് ഇതിനെ പോഷിപ്പിക്കുന്നതു് എന്നറിയുന്നുണ്ടു്. അനവധി പുറമ്പോക്കു തോടുകളുണ്ടു്. ഇതെല്ലാം അടച്ചുകെട്ടി വെള്ളം കളയുന്നുണ്ടു്. അതു തുറന്നിടുകയാണെങ്കിൽ ഗവമ്മെൻറിനു നഷ്ടവുമില്ല, കൃഷിക്കാർക്കു വലിയ ഉപകാരവുമായിരിക്കും. ഇങ്ങിനെയുള്ള പദ്ധതികൾ ഏർപ്പെടുത്തുന്നതിൽ ഗവർമ്മെൻറിനു യാതൊരു ദോഷവും വരുവാനില്ല. അതുകൊണ്ടു തൽക്കാലമായിട്ടു സ്കീം നടപ്പിൽ വരുത്തുന്നതിനു മുമ്പായി എളുപ്പമായിട്ടുള്ള ഈ പദ്ധതി എങ്കിലും സ്വീകരിച്ചാൽ വളരെ ഉപകാരമായിരിക്കുമെന്നു ഞാൻ ഗവർമ്മെൻറിനെ ധരിപ്പിക്കുന്നു. ഗവമ്മെൻറിന്റെ ഗാഢമായ ശ്രദ്ധ ഇതിൽ പതിഞ്ഞിട്ടുണ്ടെന്നും ഒരു വിദൂരമല്ലാത്ത ഭാവിയിൽ ഈ പദ്ധതി നടപ്പിൽ വരുമെന്നുമുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുന്നു.

Motion was, by leave, withdrawn.

Motion No. 45.

* **Mr. K. S. Panickar.**—"*To reduce the allotment of Rs. 1,25,413 for establishment by Re. 1.*

എം. എൽ. സി. കമ്പാർട്ടേഴ്സ് പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയേയും മറും ഗവമ്മെൻറിനെ ഉൽബോധിപ്പിക്കുവാൻ.

സർ, ഇതു് ഇവിടെ അവതരിപ്പിക്കുന്നതിൽ കുറച്ചു വൈമനസ്യം ഉണ്ടു്. എന്തുകൊണ്ടെന്നാൽ ഇതു സ്വന്തകാര്യമായതുകൊണ്ടാണു്. കമ്പാർട്ടേഴ്സിൽ കുറച്ചു് അസൌകര്യങ്ങളുണ്ടു്. അതൊക്കെ ഒന്നേ ഭേദപ്പെടുത്തിയാൽ മതി. അതുകൊണ്ടു ഞാൻ ഇതു് മൂവു ചെയ്യണമെന്നു വിചാരിക്കുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി.—സർ, എം. എൽ. സി. കമ്പാർട്ടേഴ്സിൽ ലേഡി മെമ്പർമാക്കുംകൂടി താമസിക്കുവാനുള്ള സൌകര്യമില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുമ്പു് ഇവിടത്തെ ആംഗ്ലോ ഇന്ത്യൻ ലേഡി മെമ്പർ അഞ്ചു മണിക്കൂർ നേരം സ്റ്റാഫു കമ്പാർട്ടേഴ്സിന്റെ വാതുക്കൽ താമസിക്കുവാൻ സ്ഥലമില്ലാതെ കാത്തുനില്ക്കേണ്ടിവന്നു. അവർക്കുംകൂടി വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

* Speeches not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Motion was, by leave, withdrawn.

Motion No. 46.

Mr. V. K. Kutty.— "*To reduce the allotment of Rs. 1,16,000 for communications by Re. 1.* ചിറ്റൂർ—വട്ടതല പാലം ഉടനടി പണി ആരംഭിക്കണമെന്ന്"

സർ, ചിറ്റൂർ വട്ടതല പാലം ആ വില്ലേജിനെ സംബന്ധിച്ചിടത്തോളം വളരെ പ്രക്ഷോഭണത്തിനിടയാക്കിയ ഒരു സംഗതിയാണ്. പക്ഷെ ഈ സംഗതി റോഡു ബോർഡുകാരുടെ ദൃഷ്ടിയിൽ പെട്ടിട്ടുള്ളതുകൊണ്ടും, കഴിയുന്നതും വേഗത്തിൽ ചെയ്യേണ്ട ആവശ്യകതയെപ്പറ്റി റോഡുബോർഡിനേയും പ്രത്യേകിച്ച് ദിവാൻജി അവർകളേയും ബോധിപ്പിച്ചിട്ടുള്ളതുകൊണ്ടും, ഈ ഫ്ലഫ്ല-ൽ തന്നെ നടത്തുമെന്ന വിശ്വാസമുള്ളതുകൊണ്ടും ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നില്ല.

Motion was, not moved.

Motion No. 47.

Mr. P. J. Alexander.—"*To reduce the allotment of Rs. 1,16,000 for communications by Re. 1. To bring to the notice of the Government the advantages to be derived from the opening of the Pandikudi Chellanam Road.*"

Sir, The scheme of this road was before the Government some years ago but recently they seem to have given it up. That was when the idea of developing communication between Alleppey and Cochin via Edacochi was under the consideration of the Government along with a proposal to construct a bridge wherein the three Governments of Travancore, Cochin and British India had to co-operate. Those ideas seem to have fallen through, mainly due to the impracticability of putting up the bridge. I should say that if the Government would seriously enquire into the possibility of this road that I suggest, the idea of developing communications between Alleppey and Cochin could be considerably facilitated, for you do not require to cross any ferry. The question of a bridge never arises at all, and with a few pipe culverts we can easily manage a very easy road. The difficulty has now been considerably lessened by the Travancore Government extending their road diagonally from Thuravoor till the southern-most boundary of our State. For us to resume this new road work along our coast would be extending communication from Alleppey straight up to Cochin at the most minimum expense. This

LIBRARY ARCHIVES Kerala Legislative Assembly

will solve the road problem of Chellanam which is very poorly provided with means of communication. Therefore I would request the Hon'ble Member for Public works to see if this can be brought into the scheme of work proposed by the Road Board.

മിസ്റ്റർ പി. സി. വക്കി.—സർ, പാണ്ടിക്കുടി—ചെല്ലാനം റോഡു വളരെ ആവശ്യമായിട്ടുള്ളതാണെന്നു ഞാനും സമ്മതിക്കുന്നു. ഇതിനെപ്പറ്റി റോഡുബോർഡിലെ ചെയർമാനോടു ഞാൻ സംസാരിക്കുകയും അദ്ദേഹവും ഞാനും ഒരുമിച്ചു് ആ സ്ഥലത്തുപോയി ചില ഭാഗങ്ങൾ പരിശോധിക്കുകയുമുണ്ടായി. പാണ്ടിക്കുടിയിൽനിന്നു് തിരുവിതാംകൂർ അതുത്തിവരെ റോഡു തുറക്കാൻ വലിയ ഒരു സംഖ്യ ചിലവാക്കേണ്ടിവരും. മുമ്പൊരിക്കൽ ഇതിനെപ്പറ്റി അന്വേഷണം നടത്തിയതിൽ ഒരു ലക്ഷത്തിൽ ചിലപ്പാനം രൂപാ ചിലവു വരുമെന്നു കണക്കാക്കപ്പെട്ടിരുന്നതായി ചീഫ് എഞ്ചിനിയർ പറയുകയുണ്ടായി. റോഡുബോർഡിന്റെ ആവശ്യത്തിലേയ്ക്കു് ആണ്ടുതോറും ഫ,൨൫,൦൦൦ രൂപാ നീക്കിവയ്ക്കാനാണെല്ലൊ ഗവർമ്മെൻറു നിശ്ചയിച്ചിരിക്കുന്നതു്. ഈ സംഖ്യ കൊണ്ടു വേണം സംസ്ഥാനത്തെ ആവശ്യങ്ങൾ മുഴുവനും നിവ്വഹിക്കാൻ. പിന്നെ എങ്ങിനെയാണു് റോഡ്ബോർഡ്ഡ് ഈ റോഡ് തുറക്കണമെന്നു ശുപാർശ ചെയ്യുന്നതു്. ഈ റോഡ് പണിക്കായി ഗവർമ്മെണ്ടു വിശേഷാൽ ഒരു സംഖ്യ അനുവദിക്കുകയോ അല്ലാത്തപക്ഷം റോഡുബോർഡിലേയ്ക്കു അനുവദിക്കുന്ന സംഖ്യയിൽ ഒരു നിശ്ചിതാംശം ആണ്ടുതോറും ഇതിന്റെ പണിക്കായി നീക്കിവെച്ചിട്ടു് ഏതാനും വത്സരങ്ങൾക്കുള്ളിൽ പണി പൂർത്തിയാക്കുകയോ ചെയ്യണം. കൊച്ചി ഹാർബ്ബറിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പായി തീരപ്രദേശങ്ങളിൽക്കൂടി തിരുവിതാംകൂറിലേയ്ക്കുള്ള ഗതാഗതമാർഗ്ഗം കൂടുതൽ സൌകര്യപ്രദമാക്കുന്നതു് വളരെ ഗുണകരമായിരിക്കും. പാണ്ടിക്കുടി—ചെല്ലാനം റോഡ് ഇതിനു തക്ക ഒരു റോഡായിരിക്കുമെന്നുള്ളതിനും സംശയമില്ല. ഇപ്പോണ്ടു് റോഡ് ബോർഡിലേയ്ക്കു അനുവദിച്ചിട്ടുള്ള ഫ,൨൫൦൦ ക. മുമ്പു് ആരംഭിച്ചിട്ടുള്ള പണികളുടെ പൂർത്തീകരണത്തിനുതന്നെ വേണ്ടിവരുമെന്നു ചീഫ് എഞ്ചിനീയർ പറയുന്നു. ഈ വിവരം ഗവർമ്മെൻറിനെ അറിയിച്ചു കൂടുതൽ സംഖ്യ അനുവദിപ്പിക്കണമെന്നാണു് റോഡ് ബോർഡ് മെമ്പർമാർ അഭിപ്രായപ്പെട്ടതു്. ഈ നിലയിൽ തൽക്കാലത്തേക്കു പാണ്ടിക്കുടി—ചെല്ലാനം റോഡു തുറക്കുന്നതു പ്രായോഗികമല്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

Mr. V. K. Aravindaksha Menon.—It is only eight years ago that we constructed a road to Edacochi in continuation of the Travancore road to Alleppey. So to open another road to the same place within about a mile or two, would probably be a waste and may not be quite commensurate with

LIBRARY ARCHIVES Kerala Legislative Assembly

the benefits derived. But it is necessary that some sort of communication facilities should be afforded to people at Chellanam and Andikadavu. For that purpose we have budgetted for about thirty thousand rupees in the recent Road Board department. So we have not included it in our projects.

Mr. K. Ayyappan.—What about the Aroor Bridge? Is it likely to be constructed?

Mr. V. K. Aravindhaksha Menon.—The cost of the Aroor Birdge is estimated to be about 5 lakhs of rupees, and it was also thought that the utility of that bridge would be confined only to motorists and pedestrians as goods traffic will always take the water route which is available. Therefore we thought that the expenditure for constructing a Bridge at Aroor may not be justified.

മിസ്റ്റർ കെ. അയ്യപ്പൻ.— ചെല്ലാനം റോഡും ആലപ്പുഴറോഡും തമ്മിൽ യോജിയ്ക്കുന്നതു് എവിടെയാണു്?

മിസ്റ്റർ പി. ജെ. അലക്സാണ്ടർ.— ആലപ്പുഴ ഇറവൂർ റോഡിൽ ഇറവൂർ വച്ചു യോജിയ്ക്കും.

Mr. P. J. Alexander.—The Bridge between Aroor & Edacochi would cost the Government about 5 lakhs of rupees. If the Government would take up the work that I propose it will cost them only less than a lakh of rupees and we can have through traffic from our harbour, right up to Cape Comorin. Government should have no excuse whatsoever in fighting shy of this scheme. A more economic one can never be devised.

മിസ്റ്റർ കെ. അയ്യപ്പൻ.— കൊച്ചി—ചെല്ലാനം റോഡുപണി കഴിഞ്ഞാൽ ചേർത്തലയിൽനിന്നു പാലമില്ലാതെ ശരിക്കു വരുവാൻ സാധിക്കുമോ?

Mr. V. K. Aravindhaksha Menon.—I cannot say for certain. It requires investigation.

Mr. President.—It has never been till now brought to the notice of the Government. The matter may be investigated. If a through communication can be established between Alleppey and Cochin it is a very useful one.

Mr. P. J. Alexander.—In view of the very distressing plea put forward on behalf of this Road Board by the Hon'ble Member for Ernakulam-North I beg leave of the House to withdraw the motion and I shall avail myself of the earliest

LIBRARY ARCHIVES Kerala Legislative Assembly

opportunity to discuss the scheme with the Hon'ble member for Public Works.

Motion was, by leave, withdrawn.

Motion No. 48.

* **Mr T. K. Nayar.**—"*To reduce the allotment of Rs. 1,16,000 for original works by Rs. 1. To request the Government to allot a sum of Rs. 1,94,800 for road works already undertaken by the Government before the constitution of the Road Board.*"

സർ, ബോർഡു സ്ഥാപിച്ച അവസരത്തിലുള്ള ആ കമ്മണിക്കി നെക്കുറിച്ചു രണ്ടു വാക്ക് ഇവിടെ വായിക്കാം. "*His Highness' Government will allot for the Road Board a definite amount to be spent during the next five years and the Board will be asked to submit a well thought out plan of road construction for a period of 5 years beginning from 1112*"

ഇതിൽ പ്രധാനമായിട്ടുള്ളതു് "*It shall prepare a programme of road development to be executed over a period of 5 years.* എന്നതാണ്.

റോഡു ബോർഡു മെമ്പർമാർ ഈ കൊല്ലത്തേക്കുള്ള പ്രൊപ്പോസൽസ് ഉണ്ടാക്കി. ഒരു കൊല്ലത്തിൽ ഒരുലക്ഷത്തി ഇരുപത്തയ്യായിരം രൂപയേ ഗവമ്മെൻറു അനുവദിച്ചിട്ടുള്ളൂ. ന്യ ലക്ഷത്തിൽ ചിലപ്പാനം ഉറപ്പിക റോഡുകൾക്കു പ്രൊപ്പോസ്സ് ചെയ്തിട്ടുണ്ട്. അവസാനം റിപ്പോർട്ടു സമർപ്പിക്കേണ്ട ഘട്ടം വന്നപ്പോൾ ഫ,ൻർ,ാ൦൦ രൂപക്കുള്ള പണികൾ ഏറിട്ടുണ്ട്. അതു കഴിഞ്ഞു ബാക്കിയൊന്നും വരാനില്ല. ചീഫ് എൻജിനീയർ റോഡു ബോർഡിനു ൨ ലക്ഷം രൂപയേ കൊടുത്തിട്ടുള്ളൂ. ഫ്രം മുതൽ ഞങ്ങൾ റക്കമെൻറു ചെയ്ത റോഡു കൾക്കുതന്നെ ഒരുലക്ഷത്തി ഇരുപത്തയ്യായിരം രൂപാ വരുന്നുണ്ടു്. എന്നാൽ ഞങ്ങൾ റക്കമെൻറ് ചെയ്തിട്ടുള്ള റോഡിനും ഗവമ്മെൻറു റോഡിനുമായിട്ടു ചിലവാക്കേണ്ടിയുള്ളതുകൊണ്ടു് റോഡ് ബോർഡിനു അധികാരം തരുന്നതിനു മുമ്പുള്ള പണികൾ തീർക്കുന്നതിനു രണ്ടുലക്ഷം രൂപ ആവശ്യമുണ്ടു് വേണ്ടിവന്നാൽ കൂടുതൽ സംഖ്യ ആവശ്യപ്പെടുന്നതു തരാമെന്നു ദിവാൻജി അവർകൾ സമ്മതിച്ചിട്ടുണ്ട്. ഒരുലക്ഷത്തി ഇരുപത്തയ്യായിരം രൂപാ റോഡ് പണികൾക്കായി ഇന്നു ഏറിട്ടുണ്ട്. അതിനും പുറമെ കൂടുതലായി ആവശ്യമുള്ള സംഖ്യ ഗവമ്മെൻറു തന്നാൽ കൊള്ളാം.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈച്ചരമേനോൻ.— സർ, ഞാൻ ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടതു സംഖ്യ അനുവദിച്ചു കൊടുക്കേണ്ടതാണെന്നു ഗവൺമെൻറിനോടപേക്ഷിച്ചുകൊണ്ട് ഇതിനെ പിൻതാങ്ങുന്നു.

Mr. V. K. Aravindaksha Menon.—In the Press Communique issued by the Government the intention was to limit the expenditure on original road work to a certain figure consistent with the revenues and the other commitments of the State. This expenditure has been fixed at Rs. 1,25,000 a year.

Mr. T. K. Nayar.—For what work please?

Mr. V. K. Aravindaksha Menon.—For road works.

Mr. T. K. Nayar.—Recommended by the Road Board?

Mr. V. K. Aravindaksha Menon.—It was the intention of the Government to limit the expenditure for original works on Roads.

Mr. T. K. Nayar.—Don't go back upon the promise.

Mr. V. K. Aravindaksha Menon.—We never do that. The fact is we have decided on spending Rs. 1,25,000 for original road works from 1112 onwards and we have budgetted accordingly. Any change now would dislocate our budget.

Mr. President.—I must say that it certainly was the intention of Government that the Road Board should take up the works that were already started by the department. That was my idea so far as the expenditure for 1112 was concerned. To get the maximum benefit of spending a lakh and a quarter we wanted that it should be done by the Road Board on a co-ordinative basis. Especially as brought forward by Mr. Nayar, the intention of Government was that the work should be continued by the Road Board. It was on that basis that we prepared the budget also.

മിസ്റ്റർ ടി. കെ. നായർ.— സർ നാട്ടുകാരുടെ ആവലാതി തീർക്കുന്നതിനു വേണ്ടിയാണ് ഞാൻ ഇതു അനുവദിച്ചു തരണമെന്നു പറയുന്നതു് അതുകൊണ്ടു ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കിത്തരണമെന്നു ഞാൻ ദിവാൻജിയവർകളോടപേക്ഷിക്കുന്നു.

Mr. President.—It is not necessary to give priority to the works already undertaken by the Government if they can be conveniently postponed.

Mr. T. K. Nayar.—How to postpone the work already taken up? In some cases only land acquisition is over.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon.—It could be postponed and some other new work started.

Mr. T K. Nayar.—That will be another "aparatham"

ഇതു ഞാൻ പ്രസ്സ് ചെയ്യണമെന്നു വിചാരിക്കുന്നില്ല. ഇതു ഗവ മ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരിക മാത്രമാണു ചെയ്തത്. നാട്ടുകാരുടെ അപരാധം മുഴുവൻ ഞാൻ വഹിച്ചുകൊള്ളാം. ഞാൻ ഈ ഉപക്ഷേപം പിൻവലിയ്ക്കുന്നു.

Motion was, by leave, withdrawn.

Motion No. 49.

Mr. C. P. Lonappan.—"*To reduce the allotment of Rs. 3,35,018 for communication by Re. 1. To urge upon the Government the need for taking immediate steps to remove the serious inconvenience to vehicular and even pedestrian traffic owing to the frequent and prolonged blockade of the Kokkalai-Aranattukara road at the Railway level crossing*".

സർ, ഈ മോഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുവാൻ വിചാരിക്കുന്നതു് കൊക്കാല-അരണാട്ടുകര റോഡിലുള്ള ലവൽക്രാസിംഗിൽ ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന അസൌകര്യത്തെ ഈ സഭയെ അറിയിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു്. തൃശ്ശിവപേരൂർ പട്ടണം ഒരു പ്രധാനമായ വ്യാപാരകേന്ദ്രമാണു്. അവിടെ അൻപതിനായിരത്തോളം ജനസംഖ്യയുണ്ടു്. തൃശ്ശിവപേരൂരിൽ കച്ചവടത്തിനാവശ്യമായ എല്ലാവിധ സാമാനങ്ങളും ഈ പറഞ്ഞ റോഡു വഴിക്കാണു് കൊണ്ടുപോകേണ്ടതു്. ഇങ്ങിനെ കൊണ്ടുപോകുന്ന സാമാനങ്ങൾ ഈ ലവൽക്രോസിംഗിൽ കൂടി ഇറക്കുന്നതിനു വളരെ പ്രയാസമുണ്ടു്. അതുപോലെ അരണാട്ടുകരക്കു പോകേണ്ട യാത്രക്കാരും ഈ വഴിക്കു കൂടിയാണു് പോകുന്നതു്. ചിലപ്പോൾ റയിൽവേമാസ്റ്റർ തെക്കോട്ടും വടക്കോട്ടും പോകേണ്ടവരായ യാത്രക്കാർ ഈ ഗേറ്റു അടച്ചിട്ടുന്നതുകൊണ്ടു ഇവിടെ വന്നു വളരെ നേരം കാത്തുനില്ക്കേണ്ടതായി വരുന്നുണ്ടു്. ഒരു ദിവസത്തിൽ ൪, ൫ മണിക്കൂർ നേരം ഇതു അടച്ചിട്ടുന്നതായിട്ടാണു് അറിയുന്നതു്. അതുകൊണ്ടു അപ്പോഴപ്പോൾ ഈ പടി അടച്ചിട്ടുന്നതുകൊണ്ടു യാത്രക്കാർക്കു തന്നെയല്ല സാമാനങ്ങൾ കയറ്റിക്കൊണ്ടുവരുന്ന വണ്ടിക്കാർക്കു കൂടി വളരെ സമയം ഇവിടെ കാത്തിരിക്കേണ്ടിവരുന്നുണ്ടു്. വേലക്കാർക്കു് അവരുടെ പണിയുടെ പകുതി സമയവും ചിലപ്പോൾ ഇവിടെ തന്നെ കഴിച്ചുകൂട്ടേണ്ടതായി വരുന്നുണ്ടു്. അതുപോലെ കച്ചവടക്കാർക്കും അവരുടെ സാമാനങ്ങൾ അതാതു സമയത്തു കൊണ്ടുപോകുവാൻ സാധിക്കുന്നില്ല. പിന്നെ വളരെ വഴിക്കു കച്ചവടക്കാരുടെ സാമാനം കൊ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുവരികയാണെങ്കിൽ വളരെ താമസം നേരിടും. ഇതുകൊണ്ടു കച്ചവടക്കാർക്കു വളരെ അസൌകര്യമുണ്ടു്. അതിനാൽ ഈ ലവൽക്രോസിംഗിൽ ഒരു ഓവർബ്രിഡ്ജ് കെട്ടണമെന്നാണു് എന്റെ അപേക്ഷ. അല്ലെങ്കിൽ മറ്റു വിധത്തിലുള്ള ഏതെങ്കിലും ഒരു മാർഗ്ഗം ഇതിനും ഉണ്ടാക്കിത്തരണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

Mr. E. Ikkanda Warriar.—I also support the motion. I do not want to inflict a speech because everybody knows the necessity for it.

Mr. V. K. Aravindaksha Menon.—The question of constructing an over-bridge at Kokkalai was considered first, I think, in the year 1109. Various proposals were suggested and it was on the advice of the Railway authorities that there was a proposal to cover the Railway line by a bridge at about 800 feet to the north of Chetti Angadi Road. But this was objected to by the Trichur Municipality and the question was dropped. The cost of constructing a bridge at the site of the present level crossing will be about a lakh and ten thousand rupees. In the other place the estimated cost was about Rs. 65,000.

Mr. V. K. Krishnankutty.—What was the objection of the Municipality?

Mr. V. K. Aravindaksha Menon.—The Municipality said that it would be too circuitous.

Mr. V. K. Krishnankutty.—That costs about Rs. 65,000 and the other Rs. 1,10,000.

Mr. V. K. Aravindaksha Menon.—The overbridge at Kokkalai would have to cross six or seven railway lines. In the place recommended by the railway people only one line will have to be crossed.

Mr. President.—The matter may be taken up again.

Mr. V. K. Aravindaksha Menon.—The matter will have to be referred to the Municipality and then taken up by the Government.

Mr. President.—The matter will be gone into again by the Government. I will see to it. I do not think that the distance of one and a half furlongs or so will matter very much, especially as it is intended for very great traffic.

Mr. C. P. Lonappan.—It is only an overbridge. That would not meet the situation.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—You want a vehicular road for traffic? In any way the matter will be taken up again.

Mr. C. P. Lonappan.—On that assuarance I do not press the motion.

Motion was, by leave, withdrawn.

Motion No. 50.

Mr. K. S. Manickam.—"*To reduce the allotment of Rs. 3,35,018 for Communication by Re. 1. To request the Government to reduce the toll levied on Bicycles from 2 annas to 6 pies per Bicycle.*"

Sir, the principle underlying the levy of toll on vehicles is as far as I can gather to meet the expenses of the maintenance of the road. Viewed in that light the harm done to the road by means of a bicycle is equivalent to the harm done by a pedestrian using the road. As no toll is being levied on the pedestrians passing through toll gates, in my opinion I think that it is rather too much that a toll is levied on the bicycle, especially at this rate.

Mr. P. Raman Menon.— Suppose somebody falls from the bicycle?

Mr. K. S. Manickam.—Recently when an agitation was created and representations were made to the Corporation of Madras by the cycle owners of the City for the reduction of cycle tax they stated that the harm done to the road by the bicycles was much less than the harm done to the roads on account of other vehicles, especially heavily loaded vehicles and as such the tax levied on bicycles was much more when compared to the existing rates of taxes that are being levied on other vehicles. But they objected that they were not in a position to decrease the tax on cycles because they were spending much on Regulation of Traffic. We know that in our taluks especially in moffusil places much is not spent for Regulation of Traffic at all because there is no Regulation of Traffic. It is in Municipal Towns that there is Regulation of Traffic to meet the cost of which every cycle owner in the Municipality has to pay a tax on his cycle. So this question of the upkeep of a staff and the expenditure for its maintenance for the regulation of traffic which includes bicycle traffic does not arise for consideration here, and as such the Government may be pleased to reduce the toll from two annas to 6 pies. It is rather too much considering the harm done by cycles to the roads compared to the harm done to the roads by the more heavily loaded vehicles.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ:— സർ, ടോളുകൾ ഏർപ്പെടുത്തുന്നതിന്റെ തത്വം മറ്റു രാജ്യങ്ങളിൽ എന്തുതന്നെയായാലും കൊച്ചിരാജ്യത്തിൽ അതിന്റെ അടിസ്ഥാനം റവന്യൂ വർദ്ധിപ്പിക്കലുമാക്കാതെ തരമില്ല. റവന്യൂവിനു മാർഗ്ഗമൊന്നും ഇവിടെ ഇനി പുതുതായി ഉണ്ടാക്കുവാൻ നിവൃത്തിയില്ലാതാണിരിക്കുന്നതു്. അതുകൊണ്ടു റവന്യൂ കൂടുവാൻ ഇടവരുത്തുന്ന പ്രൊപ്പോസൽ അനുദ്യോഗസ്ഥപക്ഷത്തുനിന്നു കൊണ്ടുവരുന്നതു ശരിയല്ല. എന്തുതന്നെയല്ല രണ്ടണ ഒരു സൈക്കിൾകാരൻ കൊടുക്കുന്നതുകൊണ്ടു സങ്കടപ്പെട്ടുവാനുമില്ല. അതു കണക്കുകൂട്ടി നോക്കുകയാണെങ്കിൽ ഗവൺമെന്റിനു വലിയൊരു സംഖ്യ നഷ്ടം വരും. അതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി.— സർ, ഞാൻ ഈ ഉപക്ഷേപത്തെ എതുക്കുന്നു. വാഹനങ്ങളിൽ നിന്നുള്ള വരവുകളാണു് റോഡുകളുടെ ചിലവിലേക്കുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഈ ഉപക്ഷേപത്തിലെ താല്പര്യമനുസരിച്ചു വാഹനങ്ങളുടെ ടോൾനിരക്കു അല്പാല്പമായി ഇങ്ങിനെ കൂടുവുചെയ്യുമ്പോൾ നമുക്കു പക്ഷം മുനിസിപ്പാലിറ്റിയും ഗവൺമെണ്ടും അവരുടെ റോഡുസംരക്ഷണ കാര്യങ്ങൾക്കാവശ്യമായ ഫണ്ടിനുവേണ്ടി കൂഴങ്ങുന്നതായിരിക്കും. വാഹനങ്ങൾ റോഡുകളിൽ ഉപയോഗിയ്ക്കുന്നതിനാണു ടോളുകൾ വസൂലാക്കുന്നതു്. അല്ലാതെ വച്ചുസൂക്ഷിക്കുന്നതിനല്ല. ഓരോരുത്തരും അവരവരുടെ സുഖസൌകര്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ചുങ്കം അവർ കൊടുക്കേണ്ടതത്യാവശ്യമാണു്.

*മിസ്റ്റർ ടി. കെ. നായർ.— സർ, ഇതിന്റെ പോയിൻറിനെപ്പറ്റി മാത്രമേ ഞാൻ പറയുന്നുള്ളൂ. വാഹനങ്ങൾമൂലം റോഡുകൾ കേടുവരുന്നതു നോക്കിയാണു് ചുങ്കം ചുമത്തുന്നതു്. എന്നു ഇവിടെ പറഞ്ഞു. എന്നാൽ ഞാൻ പറയുന്നതു വലിയഭാരം കയറുന്ന കട്ടവണ്ടികൾക്കാണു് എല്ലാറ്റിലും കൂടുതൽ രണ്ടു ശ്രദ്ധാ ചുങ്കം ചുമത്തേണ്ടതു എന്നാണു്. ബഹുമാനപ്പെട്ട മെമ്പർ ചുങ്കം ചുമത്തുവാനുള്ള തത്വം ഇന്നതാണെന്നു പറഞ്ഞതിനോടു യോജിക്കുവാൻ നിവൃത്തിയില്ല. സൈക്കിൾ കൊണ്ടു റോഡിനു വലിയ കേടു വരികയില്ലെന്നു സമ്മതിക്കുവാൻ വിരോധമില്ല. പക്ഷേ റോഡു നന്നാക്കുവാനും മറ്റും പല ചിലവുകളുമുള്ളതുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

Mr. V. K. Aravindaksha Menon.—The position of the Government also in this case is the same as the majority of the members who spoke on the motion. Especially on the matter of revenue Government consider that it is a measure which cannot be accepted.

Mr. K. S. Manickam.—A word in reply, Sir. From the question of revenue my humble opinion is that there will be an

* Speeches not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

increase in revenue because as circumstances now stand almost all our taluks have toll gates and as such we cannot go beyond the distance of three miles without passing a toll. When it comes to the question of a payment of a toll of 2 annas for a bicycle we are taking a bus for one anna to reach our destination. If the toll on cycle is being reduced every owner of a cycle will be tempted to cycle the distance and thereby the toll will get six pies. Otherwise they will not use their cycles but go by buses. Thus, considered from the point of view of revenue also, a reduction of the toll will only tend to increase it and not decrease it. But most of the Hon'ble Members on this side are not quite disposed towards this because most of them are not, I believe, ardent cyclists. Therefore I beg leave of the House to withdraw the motion.

Motion was, by leave, withdrawn.

The House rose for the day at 4-50 p. m.

B. V. KRISHNANKUTTY MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly